## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ.- ജീവനക്കാര്യം- ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II - അന്തർജില്ലാ സ്ഥലംമാറ്റം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭിച്ച സ്ഥലം മാറ്റ അപേക്ഷകൾ.
2. ജില്ലാ മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്ത അന്തർജില്ലാ സ്ഥലം മാറ്റ ഒഴിവുകൾ.
3. സ.ഉ.(അച്ചടി)നം.13/2024/P&ARD, തീയതി.17.12.2024

<u>ഉത്തരവ് നം : ആ.വ.ഡ./11811/2025-ഇ.എഫ്.3, തീയതി : 29-09-2025</u>

പരാമർശം (1) പ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് പരാമർശം (3) ലെ വ്യവസ്ഥകൾക്ക് വിധേയമായി ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചുത്തരവാകുന്നു.

| ക്രമ നം. | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും ജില്ലയും | സ്ഥലം മാറ്റം അനുവദിക്കുന്ന ജില്ല |
|---|---|---|---|
| 1 | വിലാമക്കുട്ടി പി | ജനറൽ ആശുപത്രി, നെയ്യാറ്റിൻകര | ആലപ്പുഴ |
| 2 | റംല എം എം | ജനറൽ ആശുപത്രി, മഞ്ചേരി | വയനാട് |

സ്ഥലം മാറ്റം ലഭിച്ച ജീവനക്കാർക്കു ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ

ഓഫീസർമാർ ഉചിതമായ നിയമനം നൽേകണ്ടതാണ്. സ്ഥലം മാറ്റം ലഭിച്ച ജില്ലയിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ, ടി തസ്തികയിലെ സീനിയോറിറ്റി പ്രസ്തുത ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ ആ തീയതിയിൽ ജില്ലയിൽ നിലവിലുള്ള ഏറ്റവും ജൂനിയറായ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II ജീവനക്കാരനു പിന്നിലായിരിക്കും.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും നിയമനഉത്തരവ് ലഭ്യമായതിനുശേഷം മാത്രം ജീവനക്കാരെ ഓഫീസ് മേധാവികൾ വിടുതൽ ചെയ്യേണ്ടതും വിടുതൽ തീയതി, ജോലിയിൽ പ്രവേശിച്ച തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖേന ലഭ്യമായ അപേക്ഷകളിൽ അവകാശപ്പെടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ സ്ഥലം മാറ്റം അനുവദിക്കപ്പെട്ടിരിക്കുന്നത്. ടി വിവരങ്ങളിൽ തെറ്റുകളുണ്ടെന്നു ബോധ്യപ്പെട്ടാൽ അനുവദിക്കപ്പെട്ട സ്ഥലം മാറ്റം റദ്ദ് ചെയ്യുന്നതായിരിക്കും.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ/പ്രവേശന നടപടികൾക്കു ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

Signed by
M . Abul Kalam
Date: 29-09-2025 21:21:38

**Abul Kalam M**
**SENIOR ADMINSTRATIVE OFFICER**

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് :
1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3. ഫയൽ/കരുതൽ ഫയൽ